# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3204      20.06.2014-ലെ മറുപടിയ്ക്ക്

## പദ്ധതി രൂപീകരണം സംബന്ധിച്ച അവലോകനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ബി.ഡി.ദേവസ്സി | | ഡോ: എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) | |
| (എ) | 2014-15 ലേക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം സംബന്ധിച്ച് . അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല ഏകോപനസമിതി യോഗങ്ങളിൽ അവലോകനം നടത്താറുണ്ട്.<br>2014-15 വർഷത്തെ പദ്ധതികൾക്ക് 121 ഗ്രാമപഞ്ചായത്തുകളും 11 ബ്ലോക്ക് പഞ്ചായത്തുകളും 3 മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 135 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം വാങ്ങിയിട്ടുണ്ട്. |
| (ബി) | പദ്ധതി രൂപീകരണം തൃപ്തികരമായ നിലയിലാണോ നടന്നു വരുന്നത് എന്നറിയിക്കാമോ; | (ബി) | മുൻവർഷങ്ങളെ അപേക്ഷിച്ച് പദ്ധതി രൂപീകരണനടപടികൾ തൃപ്തികരമായ രീതിയിൽ നടക്കുന്നുണ്ട്. |
| (സി) | പദ്ധതി രൂപീകരണ പ്രക്രിയയ്ക്ക് തടസ്സം നില്ക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ് എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ? | (സി) | പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ആവശ്യമായ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും സമയാസമയങ്ങളിൽ നൽകുന്നുണ്ട്. ലോക്സഭാ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടങ്ങൾ നിലവിലുണ്ടായിരുന്നതിനാൽ ഭരണസമിതി തീരുമാനം കൈക്കൊള്ളുന്നതിനും ആസൂത്രണ സമിതി കൂടുന്നതിനും തടസ്സം നേരിട്ടിരുന്നത് പദ്ധതി രൂപീകരണ പ്രക്രിയയ്ക്ക് നേരിയ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ